കേരളകൗമുദി
25 July 2018

# മാലിന്യമുക്ത ഗ്രാമത്തിനായി നീലഹരിത സേന

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി. എം. എഫ്. ആർ. ഐ) നിർമ്മലധാര പദ്ധതി ശക്തിപ്പെടുത്തുന്നതിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നീല ഹരിത സേന രൂപീകരിച്ചു.

സെന്റ് ആൽബർട്ട്സ് കോളേജ് വിദ്യാർത്ഥികളാണ് അംഗങ്ങൾ. മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വിജി ഷാജൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണ ലഘുലേഖ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്തു. ഡോ. വി. കൃപ, സെന്റ് ആൽബർട്സ്കോളേജ്എൻ.എസ്.എസ് കോർഡിനേറ്റർ ഡോ.കെ.മധുസൂദനൻ, രമേശ് കെ.ആർ, ബാബുസെയ്ത്, ഡോ. ഷെൽട്ടൺ പാദുവ, ജി.ശൈലജ എന്നിവർ പ്രസംഗിച്ചു.